**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1511** **03-02-2026 - ൽ മറുപടിയ്ക്ക്**

**തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ വരുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിലില്ലായ്മ പരിഹരിക്കാൻ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വ്യാവസായ വകുപ്പുമായി സഹകരിച്ച് കേരളത്തിൽ കൂടുതൽ വളർച്ച സാധ്യതയുള്ള 22 ഫോക്കസ് സെക്ടർ അധിഷ്ഠിതമായ നൈപുണ്യ പരിശീലനങ്ങൾ ലഭ്യമാക്കുകവഴി എല്ലാ വിഭാഗം ജനങ്ങൾക്കും ഈ 22 വ്യവസായ മേഖലകൾക്ക് അനുസൃതമായ നൈപുണ്യശേഷിയും, തൊഴിൽ ശേഷിയും ഉറപ്പാക്കാനുള്ള ശ്രമം സംസ്ഥാന നൈപുണ്യവികസന മിഷനിലൂടെ നടപ്പിലാക്കി വരുകയാണ്. ഇതിന്റെ ഭാഗമായി നൈപുണ്യ പരിശീലനം വിപുലമാക്കുന്നതിനായി വികേന്ദ്രീകൃത നൈപുണ്യവികസന മാതൃക തയ്യാറാക്കി നടപ്പിലാക്കുന്നു കൂടാതെ ഇതോടൊപ്പം സ്വകാര്യമേഖലകളിലെ സ്ഥാപനങ്ങളെ പൊതുധാരയിലേക്കെത്തിച്ച് നൈപുണ്യ പരിശീലനം വിപുലമാക്കുന്നതിനുവേണ്ടിയിട്ട് അക്രെഡിറ്റേഷൻ പോളിസി നടപ്പിലാക്കി. ചില പ്രധാനപ്പെട്ട മേഖലകളിൽ നൈപുണ്യ പരിശീലനത്തിനുള്ള കോഴ്സുകൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർത്തിരിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ (CoEs) സ്ഥാപിച്ചു.<br><br>•ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC)<br><br>•എസ്പോയർ അക്കാദമി (Espoir Academy) |

•ഒക്യുപേഷണൽ ട്രെയിനിങ്ങ് & എക്സാമിനേഷൻ സെന്റർ (OTEC)

• സെന്റർ ഓഫ് എക്സലൻസ് ഇൻ ലൈഫ് സയൻസ്

ഇതിന്റെ ഭാഗമായി വിവിധ മേഖലകളിൽ തല്പരരായ 25 പ്രമുഖ വ്യവസായികളടങ്ങിയ ജർമ്മനിയിൽ നിന്നുള്ള ഒരു സംഘം വ്യവാസായികളെ സംസ്ഥാനത്തെ സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനും ഇവിടുത്തെ വ്യാവസായ രംഗത്തും, സ്റ്റാർട്ട് അപ് രംഗത്തും, നൈപുണ്യ വികസന രംഗത്തും നിക്ഷേപം നടത്തുന്നതിനും സഹകരണം വിപുലപ്പെടുത്തുന്നതിനുമായി സംസ്ഥാന നൈപുണ്യ വികസനമിഷന്റെ നേതൃത്വത്തിൽ കൊണ്ടുവരുകയും ചെയ്തു.

കൂടാതെ സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന 5 സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**1. കെസ്റ്റ(കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/ സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്.

**2. മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്.

**3.ശരണ്യ**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ

| | | | |
|---|---|---|---|
| | | | എന്നീ അശരണരായ വനിതകൾക്ക് മാത്രമായിട്ട് എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്.<br><br>**4.കൈവല്യ**<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി കൈവല്യ എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>**5. നവജീവൻ**<br><br>കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 50-65 പ്രായപരിധിയിലുള്ള തൊഴിൽരഹിതരായ മുതിർന്ന പൗരന്മാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് 50000/-രൂപ (അൻപതിനായിരം രൂപ മാത്രം) വരെ ബാങ്ക് വായ്പയും വായ്പ തുകയുടെ 25% (12500/-രൂപ) സർക്കാർ സബ്സിഡി അനുവദിക്കുകയും ചെയ്യുന്നതാണ് നവജീവൻ സ്വയംതൊഴിൽ പദ്ധതി. |
| (ബി) | അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായതും മാന്യമായ വേതനം ഉറപ്പുവരുത്തുന്നതുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പ്രത്യേക കർമ്മ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത ഉന്നതവിദ്യാഭ്യാസ യോഗ്യതയും, വിഷയ വൈദഗ്ധ്യവും അനുഭവ പരിചയവുമുള്ള മാനവവിഭവശേഷിക്ക് മാന്യമായ വേതനവും ഉറപ്പുള്ള മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഇത്തരത്തിലുള്ള മാനവവിഭവശേഷി സംസ്ഥാനത്തിന് പുറത്തേക്ക് കുടിയേറുന്നത് തടയുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി നൈപുണ്യക്ഷാമം നേരിടുന്ന വിവിധ രാജ്യങ്ങളിൽനിന്ന് വ്യവസായ സംഘത്തിനെ കേരളത്തിലേക്ക് കൊണ്ടുവന്ന് വളർച്ചാ സാധ്യതയുള്ള വ്യാവസായിക മേഖലകളിൽ നിക്ഷേപത്തിന് പ്രോത്സാഹനം നൽകി വിവിധ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പരിശ്രമങ്ങൾ സംസ്ഥാന നൈപുണ്യവികസന മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ജർമനിയിലെ അഞ്ച് പ്രമുഖ സർവകലാശാലകളുടെ കൂട്ടായ്മയായ 'നെക്സ്റ്റ് ജെൻ സ്റ്റാർട്ടപ് ഫാക്ടറി' കേരളത്തിൽ ഒരു ബില്യൺ യൂറോ നിക്ഷേപം നടത്തുമെന്ന് അറിയിച്ചതിന്റെ ഭാഗമായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും, കേരള സ്റ്റാർട്ടപ്പ് മിഷനും ജർമനിയിലെ നെക്സ്റ്റ് ജെൻ സ്റ്റാർട്ടപ്പ് ഫാക്ടറിയും ധാരണാപത്രം ഒപ്പുവച്ചു. ഇതുവഴി സംസ്ഥാനത്ത് 300 പുതിയ ഡീപ് ടെക് സ്റ്റാർട്ടപ്പ് ആരംഭിക്കും. ഇതുകൂടാതെ നൂതനമായ നയപരിഷ്കാരങ്ങളിലൂടെയും, സമയബന്ധിതവും തടസ്സരഹിതമായ വ്യാവസായിക മുന്നേറ്റം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാണെന്ന് |

| | | | |
|---|---|---|---|
| | | | ആഗോളതലത്തിൽ ഉറപ്പിക്കുന്നതിന്റെ ഭാഗമായി ജർമനിയിലെ ഹെസ്സൻ സംസ്ഥാനവും സഹോദര സംസ്ഥാനം എന്ന നിലയിൽ ബന്ധം സ്ഥാപിക്കുന്നതിന്റെ ഭാഗമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ പരമാവധി ഉറപ്പ് വരുത്തുന്നതിലേക്കായി സംസ്ഥാന വ്യാപകമായി തൊഴിൽ മേളകൾ / ജോബ് ഡ്രൈവുകൾ /പ്ലേസ്മെന്റ് ഡ്രൈവുകൾ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച് വരുന്നു |
| (സി) | സംസ്ഥാനത്തുനിന്നും യുവജനങ്ങൾ തൊഴിലിനായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്നത് തടയാൻ കൈകൊണ്ട നടപടികൾ വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ മാനവവിഭശേഷിയെ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി അധികമാനവവിഭശേഷിയെ മാത്രം കുടിയേറുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും, സംസ്ഥാനത്തിനകത്ത് പ്രാദേശികമായും, ദേശീയമായും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് അത്തരം മേഖലകളിലേക്ക് അഭ്യസ്ഥ വിദ്യരായ യുവജനതയെ വിന്യസിക്കുന്നിനുള്ള പദ്ധതികളാണ് സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ ജില്ലയേയും ഓരോ പ്രത്യേക ലേബർ മാർക്കറ്റ് യൂണിറ്റായി പരിഗണിച്ചുകൊണ്ട് അതാതുജില്ലകളിലെ തൊഴിൽ സാധ്യതകൾ മനസ്സിലാക്കി ആയതിലേക്കുള്ള നൈപുണ്യ പരിശീലനം നൽകി പ്രാദേശികമായി തന്നെ യുവാക്കൾക്ക് മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതുവഴി പ്രാദേശിക സാമൂഹിക സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ കെയ്സ് മുഖാന്തിരം നടപ്പിലാക്കിവരുന്നുണ്ട്. അധികമാനവവിഭശേഷിയെ മാത്രം കുടിയേറ്റത്തിന് പ്രോത്സാഹിപ്പിക്കുന്നതിന് തൊഴിലും നൈപുണ്യവും വികസനമിഷനായ കെയ്സ് ഊന്നൽ നൽകുന്നത്.<br><br>സംസ്ഥാനത്ത് നിന്നും യുവജനങ്ങൾ തൊഴിലിനായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്നത് തടയാൻ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു<br><br>(a)**എംപ്ലോയബിലിറ്റി സെന്റർ**<br><br>കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012 -13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് |

| | | | |
|---|---|---|---|
| | | | മുഖേന സംസ്ഥാന സർക്കാർ എംപ്ലോയബിലിറ്റി സെന്റർ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു.<br><br>b)**മോഡൽ കരിയർ സെന്റർ**<br><br>നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ തൊഴിൽ ദായകരായ സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാരുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ മോഡൽ കരിയർ സെന്റർ എന്ന പദ്ധതി എംപ്ലോയ്മെന്റ് വകുപ്പ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>c)**നിയുക്തി**<br><br>സ്വകാര്യ മേഖലയിലെ തൊഴിൽദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരേ വേദിയിൽ കൊണ്ട് വന്നു പരമാവധി തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 2015 വർഷം മുതൽ സംസ്ഥാന സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നിയുക്തി എന്ന പേരിൽ മെഗാ ജോബ്ഫെയർ നടത്തി വരുന്നുണ്ട്. വകുപ്പ് നേരിട്ട് തികച്ചും സൗജന്യമായാണ് ഇത്തരം തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ